ക്യു.ഇ1-100/2018

ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്,
സതേൺ സർക്കിൾ, കൊല്ലം.
തീയതി : 08.01.2018

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
സതേൺ സർക്കിൾ,
കൊല്ലം.

അഡീ. പ്രിൻ. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

അഡീ. പ്രിൻ. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ആർ.എസ്), കൊല്ലം.

അഡീ. പ്രിൻ. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്), തിരുവനന്തപുരം.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കൊല്ലം

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി / കോന്നി / പുനലൂർ / തെൻമല / അച്ചൻകോവിൽ / തിരുവനന്തപുരം / ടിമ്പർ സെയിൽസ്, പുനലൂർ / ടിമ്പർ സെയിൽസ്, തിരുവനന്തപുരം / ഫ്ളയിംഗ് സ്ക്വാഡ്, പുനലൂർ / ഫ്ളയിംഗ് സ്ക്വാഡ്, തിരുവനന്തപുരം.

അസി. ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കൊല്ലം / ആലപ്പുഴ / പത്തനംതിട്ട / തിരുവനന്തപുരം / എക്സ്റ്റൻഷൻ, കൊല്ലം / എസ്.ഐ.പി, യുണിറ്റ്, കൊല്ലം.

വർക്കിംഗ് പ്ലാൻ ഓഫീസർ, കൊല്ലം / പുനലൂർ / അച്ചൻകോവിൽ

ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (റിസർച്ച് സൗത്ത്), തിരുവനന്തപുരം

ഡയറക്ടർ, കേരള ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ.

വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം / ശെന്തുരുണി

സർ,

വിഷയം - ജീവനക്കാര്യം - 2018-ലെ പൊതുസ്ഥലം മാറ്റം അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന - സർക്കാർ ഉത്തരവ് (പി) നമ്പർ 03/2017/ഉ.ഭ.പ.വ.തീയതി 25.02.2017.

...............

2018 വർഷത്തെ പൊതു സ്ഥലം മാറ്റത്തിന് പരിഗണിക്കുന്നതിനായി ക്ലാർക്ക്, ടൈപ്പിസ്റ്റ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലുള്ള ജീവനക്കാരുടെ അപേക്ഷകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന നിശ്ചിത ഫോറത്തിൽ **28-02-2018 നകം വാങ്ങി ഓഫീസ് മേധാവിയുടെ ശുപാർശ സഹിതം** ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷ ഫോറത്തിലെ കോളം നമ്പർ 11 വ്യക്തമായും, പൂർണ്ണമായും പൂരിപ്പിക്കേണ്ടതാണ്. അന്തർ ജില്ലാ സ്ഥലംമാറ്റം നിലവിലുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും നൽകുക.

സ്ഥലംമാറ്റം ആവശ്യപ്പെടുന്നത് സ്വന്തം താമസസ്ഥലത്തേക്കല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

ബിറ്റ് ഫോറസ്റ്റ് ഓഫീസർ, വാച്ചർ, ഡ്രൈവർ, ക്ലാസ് ഫോർ ജീവനക്കാർ എന്നിവരുടെ അപേക്ഷകൾ സ്ഥലംമാറ്റത്തിനും നിയമനത്തിനും അധികാരപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് അയച്ചുകൊടുക്കേണ്ടതാണ്. ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ പൊതു സ്ഥലംമാറ്റം സംബന്ധിച്ചുള്ള നടപടികൾ നിയമാനുസരണം സ്വീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| തിരുവനന്തപുരം ജില്ല | - | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തിരുവനന്തപുരം |
| കൊല്ലം ജില്ല | - | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തെൻമല |
| പത്തനംതിട്ട ജില്ല | - | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി |
| ആലപ്പുഴ ജില്ല | - | അസി. ഫോറസ്റ്റ് കൺസർവേറ്റർ (സോ.ഫോ) ആലപ്പുഴ |

സർക്കിൾ ഹെഡ്ക്വാർട്ടേഴ്സിലേയ്ക്കുള്ള സ്ഥലംമാറ്റം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുമായി ആലോചിച്ചതിനുശേഷം അനുവദിക്കേണ്ടതാണ്. **നിർദ്ദിഷ്ട ഫോറത്തിൽ അല്ലാത്തതും, വ്യവസ്ഥകൾ പാലിക്കപ്പെടാത്തതും, അപൂർണ്ണവും, നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.** പൊതു സ്ഥലംമാറ്റത്തിനു ശേഷം ഒരേ സീറ്റിൽ 3 വർഷത്തിൽ കൂടുതലായി ജോലിനോക്കുന്ന ക്ലാർക്കുമാർ ഉണ്ടെങ്കിൽ അവരെ മറ്റ് സീറ്റിലേക്ക് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ മാറ്റി നിയമിക്കേണ്ടതാണ്. പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുവാനുണ്ടെങ്കിലും / ഇല്ലായെങ്കിലും താങ്കളുടെ ഓഫീസിൽ 31/03/2018 ന് 15 കി.മി. ചുറ്റളവിലുള്ള ഒരേ സ്റ്റേഷനിൽ ജോലിയിൽ പ്രവേശിച്ച ദിവസം മുതൽ 3 വർഷത്തെ സേവനം പൂർത്തിയാകുന്നവരുടെ ലിസ്റ്റ് താഴെപ്പറയുന്ന പ്രൊഫോർമയിൽ ലഭ്യമാക്കേണ്ടതാണ്.

| Sl. No. | Name & Designation | Date of joining in the present station | Remarks |
|---|---|---|---|
| | | | |

കൂടാതെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികകളെ സംബന്ധിച്ച് താഴെ പ്രൊഫോർമയിൽ **Category wise separately** ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങളും ശരിയായ രീതിയിൽ നിശ്ചയമായും നൽകേണ്ടതാണ്.

| Sl. No. | Category | No. of sanctioned post | Present strength | Vacancies | Date of occurrence of vacancy | Nature of vacancy | Remarks |
|---|---|---|---|---|---|---|---|
| | | | | | | | |

വിശ്വസ്തതയോടെ,

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
സതേൺ സർക്കിൾ കൊല്ലം

പകർപ്പ് ക്യു.ഇ-2, ക്യു.ഇ-3 സെക്ഷനുകൾക്ക് തുടർ നടപടികൾക്കായി നൽകുന്നു.
പകർപ്പ് വെബ് സൈറ്റിലേയ്ക്ക്.

d:\2018\qe1\qe1-100-18 dt. -01-2018 ( mal. lr. to all sub officers).doc

# കേരള വനം വകുപ്പ്

## പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ഫോറം

| | | |
|---|---|---|
| 1 | പേര് | |
| 2 | ഉദ്യോഗപ്പേര് | |
| 3 | ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനം | |
| 4 | വനം വകുപ്പിൽ ഉദ്യോഗത്തിൽ പ്രവേശിച്ച തിയതി | |
| 5 | ഇപ്പോഴത്തെ തസ്തികയിൽ പ്രവേശിച്ച തിയതി | |
| 6 | ഇപ്പോഴത്തെ സ്ഥാപനത്തിൽ എന്നുമുതൽ ജോലി ചെയ്യുന്നു | |
| 7 | ഉദ്യോഗം ലഭിച്ചത് സംസ്ഥാനടിസ്ഥാനത്തിലോ ജില്ലാടിസ്ഥാനത്തിലോ | |
| 8 | ജില്ലാടിസ്ഥാനത്തിലാണ് ജോലി ലഭിച്ചതെങ്കിൽ ആദ്യ നിയമനം ഏത് ജില്ലയിൽ | |
| 9 | ജില്ല/സർക്കിൾ മാറ്റ നിയമനം ലഭിച്ചപ്പോൾ സീനിയോറിറ്റി നഷ്ടപ്പെട്ടുവോ | |
| 10 | സീനിയോറിറ്റി നഷ്ടപ്പെട്ടിട്ടില്ലെങ്കിൽ കാരണം | |

| 11 | ഇപ്പോഴത്തെ സ്ഥലത്ത് ജോലിയിൽ ചേരുന്നതിന് മുമ്പ് ജോലിയിലിരുന്ന സ്ഥാപനങ്ങളിലെ സേവനകാലം | | |
|---|---|---|---|
| | സ്ഥാപനം | എന്നു മുതൽ എന്നു വരെ | സ്ഥലം മാറ്റത്തിനുള്ള കാരണം |
| | | | |

| | | |
|---|---|---|
| 12 | സ്ഥിരമായ വീട്ടുപേരും മേൽവിലാസവും (താലൂക്കും ജില്ലയും സഹിതം) | |
| 13 | സ്ഥലം മാറ്റം ആവശ്യപ്പെടുന്ന സ്ഥാപനങ്ങൾ മുൻഗണനാക്രമത്തിൽ | |
| 14 | സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുന്ന തീയതി | |
| 15 | ഇപ്പോഴത്തെ ഓഫീസിൽ 3 വർഷം ആവുന്നതിന് മുമ്പ് സ്ഥലംമാറ്റം ആവശ്യമുണ്ടെങ്കിൽ അതിനുള്ള കാരണം | |
| 16 | സ്ഥലംമാറ്റം ആവശ്യമില്ലെങ്കിൽ അതിനുള്ള കാരണം | |
| 17 | ആവശ്യപ്പെടാതെ സ്ഥലംമാറ്റുകയാണെങ്കിൽ ഏത് സ്ഥാപനത്തിലേക്ക് മുൻഗണനാക്രമത്തിൽ | |
| 18 | സ. ഉ. (പി) നം. 03/2017, ഉ.ഭ.പ.വ., തി.25.02.2017 അനുസരിച്ച് എന്തെങ്കിലും സ്ഥലംമാറ്റ സൗജന്യത്തിന് അർഹതയുണ്ടെങ്കിൽ ആ വിവരം തെളിവിന് പര്യാപ്തമായ ആധികാരിക രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പു സഹിതം | |
| 19 | അപേക്ഷകന്റെ ഒപ്പും തീയതിയും | |
| 20 | സ്ഥാപനത്തലവന്റെ ശുപാർശയും ഒപ്പും | |